1ണ്

കേരള സർക്കാർ

**സംഗ്രഹം**

കൃഷിവകുപ്പ്-സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ട ക്ലെയിമുകൾ അനുവദിയ്ക്കുന്നതിനും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുമുള്ള സാമ്പത്തിക അധികാര പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**കൃഷി(കൃഷി) വകുപ്പ്**

സ.ഉ(കൈ)നം. 119 / 2018/ കൃഷി തീയതി, തിരുവനന്തപുരം, 26.09.2018.

---

Read:- 1) 21/06/2013 ലെ സ.ഉ(കൈ)നം.206/2013/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2) 22/03/2017 ലെ സ.ഉ(കൈ)നം.37/2017/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
3) കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 05/09/2018 ലെ ടി.ആർ(1)28903/2018 നമ്പർ കത്ത്.
4) കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 07/09/2018 ലെ ടി.ആർ(2)15465/2018 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും ക്ലെയിമുകൾ അനുവദിക്കുന്നതിനുള്ള സാമ്പത്തിക അധികാര പരിധി വർദ്ധിപ്പിക്കണമെന്നും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാര തുക നൽകുന്നതിനുള്ള സാമ്പത്തിക അധികാര പരിധി വർദ്ധിപ്പിക്കണമെന്നും പരാമർശം3,4 -ലെ കത്തുകൾ പ്രകാരം കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നാല്ല ലക്ഷം വരെയുള്ള ക്ലെയിമുകൾ അനുവദിക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നൽകിയും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് എസ്.ഡി.ആർ.എഫ്-ന് ഉപരിയായി 2401-00-800-91 എന്ന ശീർഷകത്തിൽ (പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കണ്ടിജൻസി പ്രോഗ്രാം പ്ലാൻ) നിന്നും 50000 രൂപ വരെ അനുവദിക്കുന്നതിനുള്ള അധികാരം ബ്ലോക്ക്തല അസിസ്റ്റന്റ് കൃഷി ഡയറക്ടർമാർക്കും, 50000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപ വരെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ(ക്രെഡിറ്റ്)ക്കും അതിനു മുകളിൽ 3 ലക്ഷം രൂപ വരെ പ്രിൻസിപ്പൽ കൃഷി

ഓഫീസർക്കും അതിനു മുകളിലുള്ള തുക കൃഷി ഡയറക്ടർക്കും അനുവദിക്കുന്നതിന് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നു നൽകുന്ന ധനസഹായത്തിനും ഇതേ സാമ്പത്തിക പരിധി ബാധകമായിരിയ്ക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മീര.എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

എല്ലാ ജില്ലാകളക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്);കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ( എ &ഇ),കേരള,തിരുവനന്തപുരം

റവന്യൂ വകുപ്പ്

ധനകാര്യവകുപ്പ്

വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt IR (1) 15466/2018 dt 26/9/2018

copy of the GO communicated to all PAO's for favour of information and necessary action